**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1956** **06.02.2019-ൽ മറുപടിയ്ക്ക്**

## വാട്ടർ മെട്രോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം നഗരത്തിന്റെ സമീപപ്രദേശങ്ങളിൽ നിന്നും തൊഴിലിനായും മറ്റ് വാണിജ്യ ആവശ്യങ്ങൾക്കായും വരുന്ന ജനങ്ങളുടെ ബാഹുല്യം മൂലം തിരക്ക് ഉള്ളതിനാൽ വാട്ടർ മോട്രോ പദ്ധതി തിരക്ക് കുറയുന്നതിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എറണാകുളം നഗരത്തിനോട് ചേർന്ന് കിടക്കുന്ന പെരുമ്പളം, അരൂർ, അരൂകുറ്റി തുടങ്ങിയ പ്രദേശങ്ങളെ കൂടി വാട്ടർ മോട്രോയുടെ ഭാഗമാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ; | (എ) | വാട്ടർ മെട്രോ പദ്ധതി, എറണാകുളം നഗരത്തിന് ചുറ്റുമുള്ള ദ്വീപുസമൂഹങ്ങളിലെ ജനങ്ങളുടെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതും, ദ്വീപുവാസികളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതുമാണ്.<br>വിദേശ ഫണ്ടിംഗ് ഏജൻസിയായ KfW നിശ്ചിത ബജറ്റാണ് ഈ പദ്ധതിയ്ക്ക് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ അനുവദിച്ചിട്ടുള്ള ബജറ്റിൽ പെരുമ്പളം, അരൂർ, അരൂക്കുറ്റി തുടങ്ങിയ പ്രദേശങ്ങൾ കൂടി വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാമ്പത്തികം ഇല്ലാത്തതിനാൽ ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) | നിയമസഭാ ചോദ്യോത്തര വേളയിൽ ഇക്കാര്യം പരിഗണിക്കുന്നതാണെന്ന് അറിയിച്ചതിൻ പ്രകാരം എന്തെങ്കിലും നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കാമോ? | (ബി) | ഈ പദ്ധതിയുടെ വികസന വേളയിൽ മേൽപ്പറഞ്ഞ സ്ഥലങ്ങളെക്കൂടി പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ